പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4166</u> <u>03-02-2014 - ൽ മറുപടിയ്ക്ക്</u>

<u>നേമം - ചെങ്കിലംപാടം കുളത്തിന്റെ നവീകരണം</u>

| <u>ചോദ്യം</u><br>ശ്രീ.വി.ശിവൻകുട്ടി : | | <u>മറുപടി</u><br>ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നാളിതുവരെ നേമം നിയോജകമണ്ഡലത്തിലെ പൂജപ്പുര വാർഡിലെ നേതാജി നഗർ ചെങ്കിലംപാടം കുളം നവീകരിക്കണമെന്നാവശ്യപ്പെടുന്ന എത്ര നിവേദനങ്ങൾ ആരിൽ നിന്നൊക്കെ ഏതൊക്കെ തീയതികളിൽ ബഹു. വകുപ്പു മന്ത്രി, ഇറിഗേഷൻ ചീഫ് എഞ്ചിനീയർ എന്നിവർക്ക് ലഭിച്ചു എന്ന് വ്യക്തമാക്കുമോ; | (എ) പൂജപ്പുര വാർഡിലെ നേതാജി നഗർ ചെങ്കിലംപാടം കുളം നവീകരിക്കണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് ബഹു.ശിവൻകുട്ടി MLA ജലവിഭവ വകുപ്പ് മന്ത്രിക്ക് 4-7-12 ൽ നൽകിയ നിവേദനം 30-07-12-ൽ ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) ക്ക് ലഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിവേദനങ്ങളിൻമേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (ബി) പ്രസ്തുത നിവേദനം റിപ്പോർട്ടിനും നടപടിക്കുമായി സൂപ്രണ്ടിംഗ് എഞ്ചിനീയർ മൈനർ ഇറിഗേഷൻ സർക്കിൾ തിരുവനന്തപുരത്തിന് നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് (17.85 ലക്ഷം രൂപയുടെ) തയ്യാറാക്കുകയും 2012-13 സാമ്പത്തിക വർഷം ഇത് ചീഫ് എഞ്ചിനീയർ (ജ&ഭ)ക്ക് ലഭിക്കുകയും ചെയ്തു. ഫണ്ട് ലഭ്യമല്ലാത്തതിനാൽ പ്രസ്തുത പ്രവൃത്തി 2012-13 സാമ്പത്തിക വർഷം അനുമതി നൽകുവാൻ സാധിച്ചിട്ടില്ല. |
| (സി) | പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തിയാകും എന്ന് വ്യക്തമാക്കുമോ? | (സി) ഫണ്ട് ലഭ്യമാകുന്ന മുറക്ക് പ്രസ്തുത പ്രവൃത്തിക്ക് സാമ്പത്തിക അനുമതി നൽകി നടപ്പിലാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ.